**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3624** **02-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തുണ്ടാകുന്ന വാഹനാപകടങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ ഉണ്ടാകുന്ന വാഹന അപകടങ്ങളുടെ എണ്ണം, മരണം, പരിക്കേറ്റവർ എന്നിങ്ങനെ കഴിഞ്ഞ 5 വർഷത്തെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ റോഡുകളിൽ ഉണ്ടാകുന്ന വാഹന അപകടങ്ങളുടെ എണ്ണം, മരണം, പരിക്കേറ്റവർ എന്നിങ്ങനെ കഴിഞ്ഞ 5 വർഷത്തെ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വാഹന അപകടങ്ങളുടെയും തൽഫലമായുണ്ടാകുന്ന മരണങ്ങളുടെയും കാര്യത്തിൽ ദേശീയതലത്തിൽ കേരളം എത്രാമതാണ്; | (ബി) | കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ 2021 വർഷത്തെ ആക്സിഡന്റ് റിപ്പോർട്ട് പ്രകാരം റോഡ് അപകടങ്ങളുടെ കാര്യത്തിൽ കേരളം അഞ്ചാം സ്ഥാനത്താണ്. അതായത് ഇന്ത്യയിൽ നടക്കുന്ന ആകെ റോഡ് അപകടങ്ങളിൽ 8.1 % നടക്കുന്നത് കേരളത്തിലാണ്. എന്നാൽ റോഡ് അപകട മരണങ്ങൾ നോക്കുകയാണെങ്കിൽ കേരളം പതിനേഴാം സ്ഥാനത്ത് മാത്രമാണ്. എന്നാൽ റോഡ് അപകട തീവ്രത നിരക്ക് (100 അപകടത്തിൽ എത്ര മരണം സംഭവിക്കുന്നു എന്ന നിരക്ക്) പരിഗണിക്കുകയാണെങ്കിൽ കേരളം വളരെ മെച്ചപ്പെട്ട നിലയിൽ 35-ാം സ്ഥാനത്താണ്. |
| (സി) | വാഹന അപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കുന്നതിനും ഏതെങ്കിലും കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | 2013 ഒക്ടോബറിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ആയ ശ്രീ.ടി.കെ.ചന്ദ്രശേഖരദാസിനെ കേരളത്തിൽ ആവർത്തിച്ചുണ്ടാകുന്ന വാഹനാപകടങ്ങളുടെ കാരണം കണ്ടെത്താനും പരിഹാര നടപടികൾ നിർദ്ദേശിക്കാനും അന്വേഷണ കമ്മീഷനായി നിയമിച്ചു. മുൻ DMRC MD ഇ.ശ്രീധരൻ റോഡ് & റോഡ് സേഫ്റ്റിയെ കുറിച്ച് പഠിക്കുകയും നിർദ്ദേശങ്ങൾ റിപ്പോർട്ടിനായി സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിലെ എല്ലാ ശിപാർശകളും ശാസ്ത്രീയമായ റോഡ് അടിസ്ഥാന സൗകര്യങ്ങൾ പരിപാലിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡുകളിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനും സർക്കാർ ഫണ്ട് വിവേകപൂർവ്വം വിനിയോഗിക്കുന്നതിനുമുള്ള സാധുവായ വശങ്ങളാണ്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിവിധ സർക്കാർ വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | നടപ്പാക്കിവരികയാണ്. 2007-ലെ റോഡ് സുരക്ഷ ആക്ട് പ്രകാരം കേരള റോഡ് സേഫ്റ്റി അതോറിറ്റി നിലവിൽ വരികയും, റോഡ് അപകടങ്ങളും, അപകടമരണങ്ങളും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യമായ പഠനങ്ങൾ നടത്തി വിവിധ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ റോഡ് സുരക്ഷ ഫണ്ട് വിനിയോഗിച്ച് നടത്തിവരുന്നു. ഇതുകൂടാതെ പി.ഡബ്ല്യു.ഡി, റോഡ് സേഫ്റ്റി സെൽ, പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് ടെക്നിക്കൽ എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് അംഗീകൃത കൺസൾട്ടിംഗ് ഏജൻസീസ് മുഖേനയും റോഡ് അപകടങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു. കെ.ആർ.എസ്.എ യുടെ 46-ാമത് യോഗം വിവിധ റോഡ് സുരക്ഷാ പദ്ധതികൾ പരിശോധിക്കുന്നതിനും കെ.ആർ.എസ്.എ യ്ക്ക് സാങ്കേതിക പിന്തുണ നല്കുന്നതിനുമായി എൻജിനീയറിംഗ് കോളേജുകളിലെ പ്രോജക്ട് ഫെലോകളുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ റോഡ് സുരക്ഷാ ഓഡിറ്റിംഗ് ആന്റ് മോണിറ്ററിംഗ് ടീമിന്റെ രൂപീകരണത്തിന് അംഗീകാരം നൽകി. |
| (ഡി) | വാഹന അപകടങ്ങളുടെ പ്രധാനകാരണങ്ങളായി കണ്ടെത്തിയിട്ടുള്ളവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഗതാഗത നിയമങ്ങളും അവ പാലിക്കേണ്ടതിന്റേയും ആവശ്യകത, റോഡ് നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുക, അമിത വേഗത, അശ്രദ്ധ, അലക്ഷ്യമായി വാഹനമോടിക്കുക, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുക, കാൽനടയാത്രക്കാരുടെ അശ്രദ്ധമായ റോഡ് ക്രോസിംഗ്, വഴിവിളക്കുകളുടെ അഭാവം, ഇടറോഡുകളിൽ നിന്നും പ്രധാന റോഡുകളിലേക്ക് കയറുന്ന സ്ഥലങ്ങളിൽ സിഗ്നൽ ലൈറ്റുകളുടെ അഭാവം, വിശ്രമമില്ലാതെ തുടർച്ചയായുള്ള ഡ്രൈവിംഗ്, വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം കൂടാതെ മലയോര മേഖലകളിൽ വന്യമൃഗങ്ങളും നാൽക്കാലികളും വാഹന അപകടങ്ങളുടെ പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | വാഹന അപകടങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷിത യാത്രയ്ക്കായി മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | പൊതുനിരത്തുകളിൽ സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നതിനായി സേഫ് കേരള പദ്ധതിയുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ക്യാമറകൾ ഉൾപ്പെടെ 726 ക്യാമറകൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. നിരന്തരമായി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ, |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ ഡ്രൈവുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാനത്തെ റോഡുകളിൽ ഉണ്ടാകുന്ന വാഹന അപകടങ്ങളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക്

| വർഷം | വാഹന അപകടങ്ങളുടെ എണ്ണം | മരണം | പരിക്കേറ്റവർ |
|---|---|---|---|
| 2018 | 40181 | 4303 | 45458 |
| 2019 | 41111 | 4440 | 46055 |
| 2020 | 27877 | 2979 | 30510 |
| 2021 | 33296 | 3429 | 36775 |
| 2022 | 43945 | 4317 | 49339 |

സെക്ഷൻ ഓഫീസർ